പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5813 | 3/11/2016-ലെ മറുപടിയ്ക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന സ്വയംതൊഴിൽ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. വി. രാജേഷ് | ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കെ.ഇ.എസ്.ആർ.യു.(കേരള സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദ രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്)മുഖേന നടപ്പിലാക്കുന്ന മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്, ശരണ്യ എന്നീ സ്വയം തൊഴിൽ പദ്ധതി പ്രകാരം 2016-17 വർഷത്തേക്ക് എത്ര രൂപയാണ് വകയിരുത്തിയിരിക്കുന്നത്; ഓരോ പദ്ധതിക്കും കണ്ണൂർ ജില്ലയിൽ എത്ര രൂപ അനുവദിച്ചിട്ടുണ്ട്;

(എ) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന നടപ്പാക്കിവരുന്ന സ്വയംതൊഴിൽ പദ്ധതികളായ കേരള സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദ രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ് (KESRU), മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ്, ശരണ്യ എന്നീ പദ്ധതികൾക്ക് 2016-17 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുകയും അതിൽനിന്ന് ഇതുവരെ കണ്ണൂർ ജില്ലയ്ക്ക് അനുവദിച്ച തുകയും സംബന്ധിച്ച വിവരം അനുബന്ധം I ആയി ചേർക്കുന്നു.

ബി) മേൽപറഞ്ഞ പദ്ധതി നിർവ്വഹണ ലക്ഷ്യം (ഭൗതികം, ധനകാര്യം) എത്ര ശതമാനം കൈവരിച്ചു; വിശദാംശം നൽകുമോ ?

ബി) എംപ്ലോയ്മെന്റ് വകുപ്പു മുഖാന്തിരം നടപ്പാക്കി വരുന്ന മേൽപ്പറഞ്ഞ മൂന്ന് സ്വയംതൊഴിൽ പദ്ധതികൾക്കും ബഡ്ജറ്റിൽ വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കുക (100%) എന്നതാണ് ലക്ഷ്യം. ഈ മൂന്ന്

സ്വയംതൊഴിൽ പദ്ധതികൾ വഴി 26-10-2016 വരെ ചിലവഴിച്ച തുക സംബന്ധിച്ച വിവരം അനുബന്ധം II ആയി ചേർക്കുന്നു.

കെസ്റു സ്വയംതൊഴിൽ പദ്ധതി പ്രകാരം ആകെ 665 സ്വയംതൊഴിൽ സംരംഭങ്ങളും, മൾട്ടി പർപ്പസ് ജോബ് ക്ലബ്ബ് പദ്ധതി പ്രകാരം ആകെ 50 സംരംഭങ്ങളും, ശരണ്യ സ്വയംതൊഴിൽ പദ്ധതി പ്രകാരം 3200 വനിത സ്വയംതൊഴിൽ സംരംഭങ്ങളും, ആരംഭിക്കു ന്നതിനാണ് ലക്ഷ്യം വച്ചിരി ക്കുന്നത്. മേൽപറഞ്ഞ പദ്ധതി കളുടെ ഭൗതികപരമായ നേട്ടം സംബന്ധിച്ച വിവരം അനുബന്ധം III ആയി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

അനുബന്ധം I

| പദ്ധതി | ബഡ്ജറ്റ് വിഹിതം | 26-10-2016 വരെ സർക്കാർ വിനിയോഗിക്കുന്നതിന് അനുമതി നൽകിയ തുക | സർക്കാർ വിനിയോഗിക്കാൻ അനുമതി നൽകിയ തുകയിൽ നിന്നും കണ്ണൂർ ജില്ലയ്ക്ക് അനുവദിച്ച തുക |
|---|---|---|---|
| കെസ്റു | 1,33,10,000/- | 44,00,000/- | 1,07,800/- |
| മൾട്ടി പർപ്പസ് ജോബ് ക്ലബ്ബ് | 1,00,00,000/- | 64,49,925/- | 2,75,000/- |
| ശരണ്യ | 16,00,00,000/- | 10,00,00,000/- | 26,73,940/- |

സെക്ഷൻ ഓഫീസർ

## അനുബന്ധം II

| പദ്ധതി | ബഡ്ജറ്റ് വിഹിതം | ഇതുവരെയുള്ള ചെലവ് (26-10-2016) | ലക്ഷ്യം/നേട്ടം (ശതമാനത്തിൽ) |
|---|---|---|---|
| കെസ്റു | 1,33,10,000/- | 44,00,000/- | 33.05% |
| മൾട്ടി പർപ്പസ് ജോബ് ക്ലബ്ബ് | 1,00,00,000/- | 64,49,925/- | 64.49% |
| ശരണ്യ | 16,00,00,000/- | 10,00,00,000/- | 62.5% |

സെക്ഷൻ ഓഫീസർ

# അനുബന്ധം III

| *പദ്ധതി* | *ലക്ഷ്യം* | *26-10-2016 വരെ കൈവരിച്ച നേട്ടം* | *ഭൗതിക നേട്ടം ശതമാനത്തിൽ* |
|---|---|---|---|
| കെസ്റു | 665 | 229 | 34.43% |
| മൾട്ടി പർപ്പസ് ജോബ് ക്ലബ്ബ് | 50 | 42 | 84% |
| ശരണ്യ | 3200 | 2000 | 62.5% |

**സെക്ഷൻ ഓഫീസർ**